**കേരള സർക്കാർ**

**സംഗ്രഹം**

പെൻഷൻ - ശ്രീമതി. എൻ. രാജമ്മയ്ക്ക് മുൻകാല പ്രാബല്യത്തിൽ കുടുംബ പെൻഷൻ അനുവദിച്ച്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

**സ.ഉ(സാധാ)നം.1539/2018/ധന** **തിരുവനന്തപുരം, തീയതി 27.02.2018**

---

പരാമർശം :- (1) ജി.ഒ.(പി) നം. 760/1997/ധന തീയതി 06.09.1997.

(2) ശ്രീമതി. എൻ. രാജമ്മയുടെ 13.10.2017-ലെ അപേക്ഷ.

(3) കരുനാഗപ്പള്ളി ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20.12.2017-ലെ ബി./3748/2017 നമ്പർ കത്ത്.

(4) PPO No.82777803.

**ഉത്തരവ്**

കരുനാഗപ്പള്ളി കെ.വി. പ്രയാർ എൽ.പി എസ്സിലെ പി.ടി.സി.എം. ആയിരുന്ന ജി. തുളസീധരൻ പിള്ള 13.10.1982-ൽ സർവ്വീസിലിരിക്കെ മരണപ്പെട്ടുവെന്നും പരാമർശ ഉത്തരവ് പ്രകാരം 03.09.1997 മുതൽ കണ്ടിജന്റ് ജീവനക്കാരുടെ ആശ്രിതർക്ക് കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവായെങ്കിലും ടി ഉത്തരവിനെകുറിച്ച് അറിവില്ലാതിരുന്നതിനാൽ പെൻഷൻ യഥാസമയം അപേക്ഷിക്കുവാൻ കഴിയാത്തതിനാൽ 03.09.1997 മുതൽ ഭർത്താവിന്റെ കുടുംബ പെൻഷൻ അനുവദിക്കണമെന്ന് ശ്രീമതി. എൻ. രാജമ്മ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ടിയാൾക്ക് 12.01.2011 മുതൽ കുടുംബ പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് കരുനാഗപ്പള്ളി ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരന്റെ ഭാര്യയുടെ അജ്ഞത കണക്കിലെടുത്ത് പാർട്ട് ടൈം ജീവനക്കാരനായി മരണപ്പെട്ട ജി. തുളസീധരൻ പിള്ളയുടെ ഭാര്യ ശ്രീമതി. എൻ. രാജമ്മയ്ക്ക് 03.09.1997 മുതൽ കുടുംബ പെൻഷൻ കുടിശ്ശിക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(.........................2)

3. പ്രസ്തുത പെൻഷൻ കുടിശ്ശിക നൽകുന്നതിന് ആവശ്യമായ അധികാരദാനം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് "2071-01-105-99" കുടുംബ പെൻഷൻ (വോട്ട് ചെയ്തത്) (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.രാജശ്രീ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. ആന്റ് എസ് .എസ് .എ) കേരള, രുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ഇ. ആന്റ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കരുനാഗപ്പള്ളി.
5. ട്രഷറി ഓഫീസർ, സബ്ട്രഷറി, കരുനാഗപ്പള്ളി.
6. ശ്രീമതി. രാജമ്മ.എൻ, കൊച്ചുവീട്ടിൽ, കൊട്ടമ്പള്ളി, മഠത്തിൽക്കോണം (പി.ഒ), ഓച്ചിറ, കൊല്ലം ജില്ല.
7. The Nodal Officer,www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (ഇ-637466)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ